Mr. P. Kumaran Ezhuthassan (*Vadakkancheri*) : What of the results, Sir?

Mr. P. Govinda Menon (*Minister for Food and Education*) : I expect to have a better stock in a few days.

Mr. P. Kumaran Ezhuthassan (*Vadakkancheri*) : Very good, Sir.

NUMBER OF CASES OF DEPRESSED CLASS PEOPLE ADMITTED IN HOSPITALS DUE TO OPPRESSION

376. മിസ്സർ കെ. കെ. കണ്ണൻ:—

താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) ഇക്കൊല്ലം ചിങ്ങം മുതൽ ധനു 31-ാംനു-വരെയുള്ള കാലത്തിൽ മർദ്ദനമേറ്റ് അവശരായി ഗവൺമെണ്ടുവക ആശുപത്രികളിൽ വന്നുചേർന്ന അധഃകൃതർ എത്ര;

(ബി) ഇവരിൽ ആശുപത്രികളിൽ കിടത്തി ചികിത്സിക്കപ്പെട്ടവർ എത്ര;

(സി) ഓരോ ആസ്പത്രികളിലും ഏറ്റവും കൂടുതൽ എത്ര ദിവസംവരെ കിടത്തി ചികിത്സിച്ചിട്ടുണ്ട്;

(ഡി) സുഖക്കേട് പറയത്തക്കവണ്ണം ഭേദമാകുന്നതിനു മുമ്പുതന്നെ ഇങ്ങിനെയുള്ളവരെ പേരുവെട്ടി ആസ്പത്രികളിൽനിന്നു പറഞ്ഞയക്കുന്ന നിർദ്ദയവും, അന്യായവുമായ പ്രവൃത്തികൾ ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഏതെല്ലാം ആസ്പത്രികളിലാണ് പ്രസ്തുത കാലത്തിനുള്ളിൽ അങ്ങിനെ നടന്നിട്ടുള്ളതു?

റാവുബഹദൂർ ടി. കെ. നായർ:—

(എ) ന്യൂ.

(ബി) ൨൩.

(സി) അനുബന്ധം നോക്കുക. (Appendix II.)

(ഡി) ഇല്ല.

(ഇ) ഉത്തരം ആവശ്യമില്ല.

മിസ്സർ കെ. കെ. കണ്ണൻ: സുഖക്കേടുഭേദമാകുന്നതിനുമുമ്പ് ആസ്പത്രിയിൽനിന്നും പേരുവെട്ടിവിട്ടിട്ടുണ്ടെന്നുള്ള ആക്ഷേപം ഗവൺമെണ്ടിനു കിട്ടീട്ടില്ലെന്നാണോ പറയുന്നതു?

റാവുബഹദൂർ ടി. കെ. നായർ: ജനറലായിട്ടു നോക്കുകയാണെങ്കിൽ സുഖക്കേടു പറയത്തക്കവണ്ണം ഭേദമാകാത്ത ആളുകളെ ആസ്പത്രിയിൽനിന്നും പറഞ്ഞയക്കുന്ന നിർദ്ദയവും, അന്യായവുമായ പ്രവൃത്തി ഇതുവരെ ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ല.

മിസ്സർ കെ. കെ. കണ്ണൻ: എന്തെങ്കിലും ഒരു ആക്ഷേപം ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: ആക്ഷേപം ഉണ്ടായിട്ടില്ലെന്നുപറയുന്നില്ല. ചാലക്കുടി ആസ്പത്രിയിൽനിന്നും ഒരാളെ പേരുവെട്ടി പറഞ്ഞയച്ചുവെന്നൊരു ആക്ഷേപം ഉണ്ടായതിനെപ്പറ്റി അന്വേഷിച്ചതിൽ യാതൊരു വാസ്തവവുമില്ല.

മിസ്സർ കെ. കെ. കണ്ണൻ: കൊടുങ്ങല്ലൂർ ആസ്പത്രിയിൽനിന്നും പേരുവെട്ടി പറഞ്ഞയച്ച ചേന്ദമംഗലത്തുകാരനായ ഒരാളെ എറണാകുളം ആസ്പത്രിയിൽ കൊണ്ടുവന്നുചേർത്തതായിട്ട് അറിയാമോ?

റാവുബഹദൂർ ടി. കെ. നായർ: ഓർക്കുന്നില്ല.

മിസ്സർ പി. കെ. ഡീവർ: ഇതിൽ തുപ്പുണിത്തുറ ആസ്പത്രിയിൽ ൨൦ ദിവസമാണ് മർദ്ദനമേറ്റ രോഗികളെ ചികിത്സിച്ചുതെന്നുപറയുന്നുണ്ട്. ൨൦ ദിവസത്തിൽ കൂടുതൽ അവിടെ കിടത്തിചികിത്സിച്ചാൽ അതു grievous hurt ആകുമെന്നുവിചാരിച്ചിട്ടാണോ പറഞ്ഞയച്ചതു?

റാവുബഹദൂർ ടി. കെ. നായർ: അങ്ങിനെ ആകുവാനും വിരോധമില്ല. ബാക്കിയുള്ള ചില സ്ഥലങ്ങളിൽ ൨൫ ദിവസംവരെ കിടത്തി ചികിത്സിച്ചിട്ടുണ്ട്.

മിസ്സർ പി. കുമാരനെഴുത്തച്ഛൻ: ചോദ്യം (എ) യിൽ ഇക്കൊല്ലം ചിങ്ങം മുതൽ ധനു 31-ാംനു വരെയുള്ളകാലത്തിൽ മർദ്ദനമേറ്റ് അവശരായി ഗവൺമെണ്ടുവക ആസ്പത്രികളിൽ വന്നുചേർന്ന അധഃകൃതർ ന്യൂ എന്നുപറഞ്ഞിട്ടുണ്ട്. ഇവരിൽ ആശുപ

LIBRARY ARCHIVES Kerala Legislative Assembly

ത്രികളിൽ കിടത്തി ചികിത്സിക്കപ്പെട്ടവർ എത്രയെന്ന ചോദ്യത്തിന്ന് ഉടൻ എന്നും പറഞ്ഞിട്ടുണ്ട്. അപ്പോൾ അവരിൽ ബാക്കി ൪ ൫ പേരെ എന്തുചെയ്തു?

റവുബഹദൂർ ടി. കെ. നായർ: അവർക്ക് മരുന്നുകൊടുത്തു പറഞ്ഞയച്ചു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ രോഗിയെ പുറത്താക്കിയ കൊട്ടങ്ങല്ലൂർ ഡോക്ടർ ആരാണ്?

റാവുബഹദൂർ ടി. കെ. നായർ: പേരു നല്ല നിശ്ചയമില്ല. രാമൻമേനോൻ ആണെന്നാണ തോന്നുന്നതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അവിടെ ഒരു ഈഴവഡാക്ടറെ നിശ്ചയിച്ചിട്ടുണ്ടെൽ ജാതിക്കാരനാകയാൽ അതു പാടില്ലെന്നുപറഞ്ഞു തൽക്ഷണം അവിടെനിന്നുമാറ്റിയശേഷം നിയമിച്ചു എന്നുള്ളതു ഇദ്ദേഹം ?

റാവുബഹദൂർ ടി. കെ. നായർ: അതു് എനിക്കു് കാര്യമില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഇതിൽ മർദ്ദനമേറ്റു് ൨ ദിവസത്തിൽ കൂടുതൽ ചികിത്സയിലിരുന്നവരെ മർദ്ദിച്ചവരുടെപേരിൽ വല്ല കേസ്സും റജിസ്റ്റു് ചെയ്തുകയുണ്ടായിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: അതിന്നു നോട്ടീസ്സ് വേണം.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: അധഃകൃതക്ഷേമണ്ഡലം വൈദ്യസഹായം ചെയ്തുകൊടുക്കണമെന്നുള്ളകാര്യം കഴിഞ്ഞ ബഡ്ജറ്റസമ്മേളനത്തിൽ ഒരു ഖണ്ഡനോപക്ഷേപംവഴി ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽപെടുത്തിട്ടുണ്ടു്. അതിനെസംബന്ധിച്ചു ഗവണ്മെണ്ടു് എന്തുനടപടിയാണു് എടുത്തിട്ടുള്ളതു്?

റാവുബഹദൂർ ടി. കെ. നായർ: മേലിൽ അത്തരത്തിലുള്ള ആവലാതികൾ ഉണ്ടാവുകയില്ലെന്നാണു് എന്റെ വിശ്വാസം.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഡിപ്പാർട്ടുമെണ്ടുവഴി ഇതിനെ സംബന്ധിച്ചു വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: നിർദ്ദേശം നല്കീട്ടില്ലെങ്കിലും വേണ്ടതുചെയ്യുവാനുള്ള മനഃസ്ഥിതിയുണ്ടു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: മനഃസ്ഥിതിയെ അടിസ്ഥാനപ്പെടുത്തി ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി അവർകൾ എന്തുപ്രവൃത്തിച്ചിട്ടുണ്ടെന്നു പറയുമോ?

റാവുബഹദൂർ ടി. കെ. നായർ: മെഡിക്കൽ ഡിപ്പാർട്ടുമെണ്ടിലെ ചികിത്സാസമ്പ്രദായത്തെകുറിച്ചു് ഓരോന്നും വ്യക്തമായിട്ടുപറയണമെങ്കിൽ അതിന്നു പ്രത്യേകം നോട്ടീസ്സുവേണം. അല്ലാതെ മറുപടിപറയുവാൻ പ്രയാസമാണു്.

മിസ്റ്റർ കെ. കെ. കണ്ണൻ: രോഗികളുടെ ആക്ഷേപങ്ങളെ സംബന്ധിച്ചു് അന്വേഷിക്കാമോ?

റാവുബഹദൂർ ടി. കെ. നായർ: ആക്ഷേപമുണ്ടായാൽ അതിനെപ്പറ്റി ഗൌരവമായി അന്വേഷണം നടത്താം.

മിസ്റ്റർ കെ. കെ. കണ്ണൻ: സുഖക്കേടു നല്ലവണ്ണം മാറാതെകണ്ടു് ആസ്പത്രിയിൽനിന്നും പോരുവെട്ടി വിടുന്നതിനെസംബന്ധിച്ചു് അന്വേഷിക്കാമോ?

റാവുബഹദൂർ ടി. കെ. നായർ: കഴിയുന്നതും ഈ വക ആക്ഷേപങ്ങൾ മേലിൽ ഇല്ലാതെനോക്കാം.

മിസ്റ്റർ. വി. ആർ. കൃഷ്ണനെഴത്തശ്ശൻ: ഇത്തരം മർദ്ദനങ്ങളില്ലാതിരിക്കുവാൻ എന്തെങ്കിലും നടപടിഎടുക്കാമോ?

റാവുസാഹിബു് കെ. അയ്യപ്പൻ: മർദ്ദനത്തെ സംബന്ധിച്ചു വളരെ ഹർജികൾ വരുന്നുണ്ടു്. ആ ഹർജികളെല്ലാം പോല്ലീസ്സിലേക്കു് അയക്കുകയാണു ചെയ്യുന്നതു്. ഇതിനെ സംബന്ധിച്ചു് പൊല്ലീസ്സുകമ്മീഷണർക്കു് പ്രത്യേകം എഴുതിയിട്ടുമുണ്ടു്. അങ്ങിനെ വേണ്ടതു പടികൾ എടുത്തുവരുന്നുണ്ടു്. പൊല്ലീസ്സ് പല കേസ്സുകളും എടുത്തിട്ടുണ്ടു്.

മിസ്റ്റർ എം. കെ. രാജാ: ഇതിൽ ഏതെങ്കിലും കേസ്സുകൾ ശിക്ഷിക്കാതെയിരുന്നിട്ടുണ്ടോ?

റാവുസാഹിബു് കെ. അയ്യപ്പൻ: ഈ വക കേസ്സുകൾ മിക്കതും രാജിയായിട്ടുതീരുകയാണു ചെയ്യുന്നതു്. അതിന്നുള്ളകാരണം അധഃകൃതരുടെ നിസ്സാഹയതയാണു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. കെ. രാജാ : അധഃകൃതരെ മർദ്ദിക്കുന്നവരെ വിചാരണകൂടാതെ തടവിൽ വെക്കുവാൻ സാധിക്കുമോ? (ചിരി)

മിസ്റ്റർ എം. ശിവരാമമേനോൻ : ആവലാതി കിട്ടിയെന്നു വിചാരിച്ചു് കാരണം അന്വേഷിച്ചു തീർച്ചയാക്കാതെ തടങ്കലിൽവെക്കുവാൻ സാധിക്കുമോ!!

മിസ്റ്റർ പി. നാരായണമേനോൻ : ഇതിൽ പറയുന്ന മർദ്ദനം ഉണ്ടാകാനുള്ള കാരണം എന്താണു്?

റാവുസാഹിബു് കെ. അയ്യപ്പൻ : ഇതിനു് പ്രത്യേകകാരണമൊന്നുമില്ല. അധഃകൃത മർദ്ദനങ്ങൾ ഇതിനു മുമ്പും ഉണ്ടാകാറുണ്ടു്. ഇപ്പോൾ ഈ മർദ്ദനങ്ങളുടെ വിവരങ്ങൾ പുറത്തു വരുന്നതു് നേതാക്കന്മാരുടെ പരിശ്രമം കൊണ്ടാണു്. ഇങ്ങിനെയുള്ള മർദ്ദനങ്ങളില്ലാതാക്കുവാൻ പരിശ്രമിച്ചു വരുന്നുണ്ടു്.

PRICE OF RAW RUBBER—DETAILS REGARDING

377. Mr. Paramel Ipe Ipe *(Kunnamkulam)*: Will Government be pleased to state.—

(*a*) whether the Government had not fixed the maximum price of raw rubber during war time, when there was a great demand for the same and when the rubber could have been sold for a much higher price;

(*b*) what was the maximum price of rubber then;

(*c*) what is the present market price of rubber;

(*d*) is the Government aware that there are no buyers, for rubber now at a reasonable price;

(*e*) is the Government prepared to guarantee a minimum price for raw rubber now;

(*f*) what is the total quantity of rubber produced in Cochin annually?

Mr. C. R. Iyyunni *(Minister for Revenue)*:

(*a*) Yes.

(*b*) Rs. 71/8/ for smoked sheets per 100 lbs. Rs. 72/4/ for crape till January 1944 Rs. 77/5/ per 100 lbs. from 1st February 1944. Rs. 100 per 100 lbs. from May 1945 to 30th April 1946. Rs. 87/1/ per 100 lbs. from 30th April 1946.

(*c*) Rs. 87/1/ per 100 lbs.

(*d*) No. No producers have been directed to sell the rubber only to approved manufacturers as per Rubber Control Production Orders 1946.

(*e*) The fixation of price for rubber has to be on an All India basis and this Government cannot undertake to fix any maximum or minimum prices, but this Government will see that the rubber produced in the State gets as fair a price for it as rubber produced in other parts of India.

(*f*) About 1000 tons of dry rubber.

Mr. Paramel Ipe Ipe *(Kunnamkulam)*: In answer (*d*) it is given that no producers have been directed to sell the rubber only to approved manufacturers, as per Rubber Control Proclamation Orders 1946, but my question is whether the Government is aware that there are no buyers for rubber now, at a reasonable price. I want to know how many persons are dealing in rubber in the whole of Cochin, who are prepared to buy rubber for commercial purposes either for manufacture, export, etc.

Mr. C. R. Iyyunni *(Minister for Revenue)*: I am not in a position to say that.

Mr. P. Sankara Menon *(Trichur-North)*: Is there any rule that rubber should be sold to approved dealers? The answer given in (*d*) is that no producers have been directed to sell rubber only to approved manufacturers as per Rubber Control Orders.

Mr. C. R. Iyyunni *(Minister for Revenue)*: No.

IRRIGATION FACILITIES

378. മിസ്റ്റർ എം. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമെണ്ടു് സദയം മറുപടി പറയുമോ.—

(എ) ചീഫ് എഞ്ചിനീയർ ഉദ്യോഗത്തിൽ പ്രവേശിച്ചിട്ടു് എത്ര കൊല്ലമായി;

(ബി) അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിനുമുമ്പു് എത്ര ഏക്കർ കൃഷിനിലങ്ങൾക്കു ഗവർമെണ്ടു് ജലസേചനപ്രയോജനം മുഖാന്തിരം വെള്ളം കൊടുത്തിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I

[Please see answer to Question No. 372(a)]

Communal war list of the number of appointments

No.	Community	Appointments	
		1121	1122 (1st 5 months)
1.	Nayar ..	214	129
2.	Tamil Brahmin ..	63	35
3.	Ezhuva ..	303	159
4.	Pulaya ..	58	21
5.	Other Hindu ..	146	80
6.	Other Hindu (Backward or Depressed) ..	215	111
7.	Romo Syrian ..	174	92
8.	Latin X'ian ..	88	54
9.	Other X'ian ..	81	44
10.	Muslim ..	85	49
11.	Jew, Anglo-Indian, etc. ..	16	11
	Total ..	1,443	785

APPENDIX II

(Please see answer to Question No. 376)

നമ്പ്	ആശുപത്രിയുടെ പേരു്	വൈദ്യസഹായം നൽകിയ അധ്യക്ഷതരുടെ എണ്ണം	ഇൻപേഷ്യൻറ് സ് ആയി പ്രവേശനം കൊടുത്തവരുടെ എണ്ണം	ചികിത്സ നടത്തിയ ദിവസം
൧	ചാലക്കുടി ആശുപത്രി	൧൦	൧൦	൧൩
൨	ഇരിങ്ങാലക്കുട ആശുപത്രി	൫	൨	൪൩
൩	നെന്മാറ ആശുപത്രി	൭	..	..
൪	ചിറ്റൂർ ആശുപത്രി	൨	൧	൨൯
൫	കൊടുങ്ങല്ലൂർ ആശുപത്രി	൯	൩	൧൦
൬	മുളന്തുരുത്തി ഡിസ്പെൻസറി	൧	..	..
൭	ഉഷ്ണിത്തറ ഡിസ്പെൻസറി	൪	൪	൨൦
൮	അയ്യമ്പിള്ളി ഡിസ്പെൻസറി	൧	..	..
൯	ചൊവ്വര ഡിസ്പെൻസറി	൧	..	..
൧൦	ഞാറക്കൽ ഡിസ്പെൻസറി	൪	..	..
൧൧	പുതുക്കാട് ഡിസ്പെൻസറി	൧൨	൨	൫
൧൨	അന്തിക്കാട് ഡിസ്പെൻസറി	൩	..	..
൧൩	കാട്ടൂർ ഡിസ്പെൻസറി	൧	..	..
൧൪	മാള ഡിസ്പെൻസറി	൩	..	..
൧൫	പഴയന്നൂർ ഡിസ്പെൻസറി	൧	..	....

LIBRARY ARCHIVES Kerala Legislative Assembly